ഉത്തരം

ഹിൽ ഹൈവേയുടെ ഒന്നാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ല മുതൽ പാലക്കാട് ടൗൺവരെയുള്ള റൂട്ട് നിർണ്ണയിക്കുന്നത് സംബന്ധിച്ച് നാട്പാക്കിൽ നിന്നും ലഭിച്ച പഠന റിപ്പോർട്ട് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ടി റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.†

പുതിയതായി റോഡ് നിർമ്മിക്കുന്നതിനുള്ള നടപടിക്രമം

48 [5695] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സ്ഥലമെടുത്ത് റോഡ് നിർമ്മിക്കുന്നതിന് നിലവിലുള്ള നടപടിക്രമമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പി.ഡബ്ല്യു.ഡി. നിർമ്മിക്കുന്ന റോഡുകൾക്കും സ്വകാര്യ സംരംഭങ്ങൾ, ബി. ഒ. റ്റി. തുടങ്ങിയ പദ്ധതി പ്രകാരം ചെയ്യുന്ന പ്രവൃത്തികൾക്കും സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഒരേ നടപടിക്രമമാണോ അനുവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധമായ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അടങ്ങുന്ന ഒരു കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ—സി) റോഡിന്റെയും പാലത്തിന്റെയും പണികൾക്ക് സ്ഥലമെടുക്കുന്നതിന്റെ മുന്നോടിയായി അലൈൻമെന്റ് പ്ലാൻ തയ്യാറാക്കി അംഗീകാരം തേടണം. അതിനു ശേഷം സ്ഥലമെടുക്കേണ്ടിവരുന്ന ഭാഗങ്ങൾ മാർക്ക് ചെയ്ത് റവന്യൂ അധികൃതരുമായി ബന്ധപ്പെട്ട് സർവ്വെ നമ്പരും ഏരിയായും തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും. ഇതോടൊപ്പം തന്നെ ഇതിനാവശ്യമായി വരുന്ന തുകയ്ക്ക് ഗവൺമെന്റിൽ നിന്നും ഭരണാനുമതി വാങ്ങേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് പൊതുമരാമത്ത് മാനുവൽ പ്രകാരം അദ്ധ്യായം XI-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

സ്വകാര്യ സംരംഭങ്ങൾ, ബി. ഒ. റ്റി. തുടങ്ങിയ പദ്ധതി പ്രകാരം ചെയ്യുന്ന പണികൾക്ക് സ്ഥലമെടുപ്പ് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

നബാർഡിന്റെ സഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

49 [5698] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എത്ര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നബാർഡിന്റെ സഹായം ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റോഡുകൾ ഏതെല്ലാമാണെന്നും ഓരോ റോഡിനും നബാർഡ് അനുവദിക്കുന്ന തുകയെത്രയാണെന്നും അറിയിക്കാമോ;

(സി) റോഡുകളുടെ നിർമ്മാണ പ്രവർത്തനം. ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയത്തിലെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ 10 റോഡുകൾക്കാണ് നബാർഡിന്റെ ധനസഹായം ലഭ്യമായിട്ടുള്ളത്.

(ബി, സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

സ്റ്റേറ്റ് ഓഫ് ഇൻഡ്യ ക്യാപിറ്റൽ സർവ്വീസിന്റെ പ്രവർത്തനങ്ങൾ

50 [5700] ശ്രീ. പി. എസ്. സുപാൽ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഓഫ് ഇൻഡ്യാ ക്യാപിറ്റൽ സർവ്വീസിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രധാനപ്പെട്ട ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനഫലമായി ഏതെല്ലാം പദ്ധതികളുടെ വിഭവസമാഹരണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ വഴി റെയിൽവേ ഓവർ ബ്രിഡ്ജുകൾ പണിയുന്നതിന് ക്യാപിറ്റൽ മാർക്കറ്റിൽ നിന്ന് വിഭവസമാഹരണം നടത്തിയത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ക്യാപിറ്റൽ സർവ്വീസ് വഴിയായിരുന്നു. നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേക്ക് പണം സ്വരൂപിക്കുന്നതിന് എസ്.ബി.ഐ. ക്യാപിറ്റൽ സർവ്വീസിന്റെ ഉപദേശം തേടിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മേൽപ്പാലത്തിന്റെ നിർമ്മാണം

51 [5701] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇത് എപ്പോൾ പൂർത്തിയാക്കുമെന്നും അറിയിക്കാമോ?

---

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[12-8-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *7 (927) ദയവായി കാണുക.]

വൈജ്ഞാനിക മേഖല പാർട്ട് ഒന്ന്, പാർട്ട് രണ്ട് • എന്നിവയ്ക്ക് ഹൈസ്കൂൾ തലത്തിൽ യഥാക്രമം ഒന്നതു പോയിന്റ് അബ്സല്യൂട്ട് ഗ്രേഡിംഗ് സമ്പ്രദായവും, 5 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡിംഗ് സമ്പ്രദായവും ഉപയോഗിക്കുന്നു.

പാർട്ട് III സഹവൈജ്ഞാനിക മേഖലയുമായി ബന്ധപ്പെട്ട മേഖലയിലൂടെ പഠിതാവിന്റെ വ്യക്തിത്വ സവിശേഷതകളുമായി ബന്ധപ്പെട്ട ശേഷികൾ അളക്കുന്നു. ഇതിനായി 5 പോയിന്റ് ഡയറക്ട് ഗ്രേഡിംഗ് സമ്പ്രദായമാണ് ഉപയോഗിക്കുന്നത്.

9 പോയിന്റ് സമ്പ്രദായം

ശതമാനം	ഗ്രേഡ്
90—100	എ+
80—89	എ
70—79	ബി+
60—69	ബി
50—59	സി+
40—49	സി
30—39	ഡി+
20—29	ഡി
20-ൽ താഴെ	ഇ

5 പോയിന്റ് സമ്പ്രദായം

സ്കോർ	ഗ്രേഡ്
17—20	എ
13—16	ബി
9—12	സി
5—8	ഡി
1—4	ഇ

അനുബന്ധം II

[12-8-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 49 (5698) ദയവായി കാണുക.]

നബാർഡിന്റെ ധനസഹായം ലഭ്യമായിട്ടുള്ള റോഡുകളും അനുവദിച്ച തുകയും

റോഡുകൾ	അനുവദിച്ച തുക	ഇപ്പോഴത്തെ സ്ഥിതി
RIDF (I)		
(1) കുന്നാറ-കക്കാടംപൊയിൽ-വാളംതോട് റോഡ് (കി. മീ. 0/00-8/600)	157.34 ലക്ഷം	പണി ആരംഭിച്ചു
(2) കൂരാച്ചുണ്ട്-നരിനട-ചക്കിട്ടപ്പാറ റോഡ് (കി. മീ. 0/0-7/00)	88.56 ലക്ഷം	,,
RIDF (VI)		
(1) വെഞ്ഞേരിമഠം-നച്ചോലി റോഡ്	61.66 ലക്ഷം	,,
(2) തണ്ണിമുക്ക്-കല്ലുനിര റോഡ്	82.67 ലക്ഷം	,,
(3) കൈപ്പട്ടൂർ-വള്ളിയൂർ റോഡ്	77.82 ലക്ഷം	,,
(4) പുതുന്നാറ-ചുരാണി റോഡ്	82.64 ലക്ഷം	,,
RIDF (VII)		
(1) തിരുവനാടി-തമ്പലമണ്ണ റോഡ്	259.02 ലക്ഷം	,,
RIDF (VIII)		
(1) പറാത്തിക എസ്റ്റേറ്റ്-തോട്ടുമുക്കം റോഡ്	184.50 ലക്ഷം	പണി ആരംഭിച്ചിട്ടില്ല
(2) ബാലുശ്ശേരി-കുറുംപൊയ്യിൽ റോഡ്	200.02 ലക്ഷം	പണി ആരംഭിച്ചു
(3) പറോക്ക്-മണ്ണൂർ-കടലുണ്ടി റോഡ്	270 ലക്ഷം	ടെണ്ടർ നോട്ടീസായി

LIBRARY ARCHIVES Kerala Legislative Assembly